## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ** **22.01.2014 ലെ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ :** 1928

### സി-സ്റ്റെഡിൽ ഡയറക്ടർ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അനുബന്ധ സ്ഥാപനമായ സി-സ്റ്റെഡിൽ ഡയറക്ടറെ നിയമിക്കുന്നതിനുള്ള മാനദണ്ഡം, യോഗ്യത ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) C-STED ഡയറക്ടറുടെ നിയമനം സംബന്ധിച്ച് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ 05.01.2011-ലെ വിജ്ഞാപനം പ്രകാരം എം.ബി.എ-യോട് കൂടിയ എഞ്ചിനീയറിംഗ് ബിരുദം, പ്രൊജക്ട് നിർമ്മാണം, നടത്തിപ്പ്, മേൽനോട്ടം, മൂല്യ നിർണ്ണയം എന്നീ കാര്യങ്ങളിൽ 15 വർഷത്തെ സമഗ്രമായ പ്രവൃത്തി പരിചയം, ഗ്രാമ വികസന പദ്ധതികളിലും വ്യവസായ വികസനത്തിലും ഉള്ള പ്രവർത്തി പരിചയം, 50 വയസ്സിന് താഴെ പ്രായം എന്നിവയാണ് സി-സ്റ്റെഡ് ഡയറക്ടറായി നിയമനം ലഭിക്കാൻ വേണ്ട യോഗ്യതകൾ. |
| (ബി) പ്രസ്തുത സ്ഥാപനത്തിലെ ഇപ്പോഴത്തെ ഡയറക്ടർ ആരാണെന്നും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ ; | (ബി) സി-സ്റ്റെഡിൽ ഇപ്പോൾ ഡയറക്ടറെ നിയമിച്ചിട്ടില്ല. Kerala Forest Research Institute-ലെ E1 Grade Scientist ഡോ. മുഹമ്മദ് കുഞ്ഞിക്ക് ഡയറക്ടറുടെ അധിക ചുമതലയാണ് നൽകിയിരിക്കുന്നത്. |
| (സി) ഡയറക്ടർക്കെതിരെ ജീവനക്കാരിൽ നിന്നോ, പൊതുജനങ്ങളിൽ നിന്നോ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) നിലവിലുള്ള ഡയറക്ടർ ഇൻ ചാർജ്ജ് ജീവനക്കാരുടെ റെഗുലറൈസേഷൻ ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധമായ വിവിധ ആവശ്യങ്ങൾ പരിഗണിക്കുന്നതിൽ വിമുഖത കാണിക്കുന്നു എന്ന് കാട്ടി സി-സ്റ്റെഡ് എംപ്ലോയീസ് യൂണിയൻ, അസ്സോസിയേഷൻ ഓഫ് സി-സ്റ്റെഡ് ഓഫീസേഴ്സ് എന്നീ സംഘടനകൾ പരാതി നൽകിയിട്ടുണ്ട്. ഇവ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**